## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 501** **10-03-2015 ലെ മറുപടിയ്ക്ക്**

### <u>ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന കാര്യം വിശദമാക്കുമോ; | (എ) & (ബി) കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട സംഗതികൾക്കുംവേണ്ടി കേരള നിയമസഭ '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ' പാസ്സാക്കിയിരുന്നു. ഈ ബില്ലിന് 2015 ജനുവരി 31-ാം തീയതി ബഹു. രാഷ്ട്രപതിയുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് 2015 ഫെബ്രുവരി 16-ാം തീയതിയിലെ 364-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്റ്റ്' പ്രാബല്യത്തിൽ വന്നു. ടി നിയമത്തിൽ പൊതുജനങ്ങളിൽനിന്ന് നിക്ഷേപം സ്വീകരിച്ചശേഷം നിക്ഷേപകരെ കബളിപ്പിച്ച് സാമ്പത്തിക കുറ്റകൃത്യം നടത്തുന്നവരുടെ സ്വത്തുവകകൾ ജപ്തി ചെയ്യുന്നതിനും ഇത്തരം കുറ്റസ്ഥാപനത്തിന്മേൽ 10 വർഷംവരെയാകാവുന്ന തടവും ഒരുലക്ഷം രൂപവരെ പിഴയും ഈടാക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ/ വ്യക്തികൾ അമിത പലിശ ഈടാക്കുന്നതിനെതിരെ നിലവിലുള്ള നിയമങ്ങളായ കേരള മണിലെൻഡേഴ്സ് ആക്റ്റ്, കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം എന്നിവ പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) അനധികൃത പലിശ, ആകർഷകങ്ങളായ പലിശ, മറ്റ് വാഗ്ദാനങ്ങൾ എന്നിവ നൽകി നിക്ഷേപം സ്വീകരിച്ച ശേഷം കബളിപ്പിച്ച സാമ്പത്തിക കുറ്റകൃത്യങ്ങൾ നടത്തുന്നവരുടെ സ്വത്ത് വകകൾ പിടിച്ചെടുക്കുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് ഉണ്ടാക്കിയ നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ.